മണ്ണുസംരക്ഷണ പദ്ധതി

*19 [335] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുസംരക്ഷണ പ്രവർത്തനങ്ങളെ കൃഷിക്കാരുടെയും മറ്റുള്ള വരുടെയും ആവശ്യങ്ങളുമായി ബന്ധപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തിക വർഷം എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(സി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എന്തു തുക ചെലവഴിച്ചു;

(ഡി) സംസ്ഥാനത്ത് ഈ വർഷം മണ്ണുസംരക്ഷണ വിഭാഗം ഏറ്റെടുത്ത ജോലികൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കൃഷിക്കാരുടെയും മറ്റുഗുണഭോക്താക്കളുടെയും ആവശ്യങ്ങൾക്ക് മുൻഗണന നൽകിയാണ് മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പിലാക്കിവരുന്നു. കൃഷിക്കാരുടെ ഭൂമിയിലെ പ്രവർത്തനങ്ങൾ കൂടാതെ മണ്ണുജലസംരക്ഷണത്തിനായി തോടുകളുടെയും നീർച്ചാലുകളുടെയും പാർശ്വസംരക്ഷണം, തടയണകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃഷിക്കാരെ പ്രാപ്തരാക്കുന്നതിനായി വിവിധ കർഷക പരിശീലന പരിപാടികളും പദ്ധതി പ്രദേശങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

(ബി) മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം സംസ്ഥാന തല പദ്ധതികൾക്കായി 2,042 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 400.15 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം കൃഷി (മണ്ണുസംരക്ഷണ വിഭാഗം) സംസ്ഥാനതല പദ്ധതികൾക്കായി 107.97 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 60.37 ലക്ഷം രൂപയും ചെലവഴിച്ചു.

(ഡി) വിശദാംശം അനുബന്ധമായി നൽകുന്നു. †

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV—(തുടർച്ച)

5. വിവിധ കൃഷിയിൽ അനുവർത്തിക്കേണ്ട കൃഷി പരിപാലനത്തെക്കുറിച്ചു യഥാസമയം അവബോധം സൃഷ്ടിക്കുന്നു.

6. പ്രകൃതിക്ഷോഭം മൂലം കൃഷിയിലുണ്ടാകുന്ന നാശനഷ്ടങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുന്നു.

7. ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

8. കാർഷിക വികസന സമിതി യഥാസമയങ്ങളിൽ വിളിച്ചുകൂട്ടി കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമായി ചർച്ച നടത്തി വരുന്നു.

9. മണ്ണു പരിശോധന അടിസ്ഥാനത്തിൽ വളം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

10. പുതിയ 'കിസാൻ' പദ്ധതി പ്രകാരം ടി.വി., ഇന്റർനെറ്റ് മുതലായവയുടെ സഹായത്തോടെ കൃഷിക്കുപയുക്തമായ സാങ്കേതിക പരിജ്ഞാനം കൃഷിക്കാരിലെത്തിക്കാനും കൃഷിയെ സംബന്ധിച്ചുള്ള സംശയനിവാരണം നടത്തുവാനും മറ്റും കൃഷിഭവനുകളെ സജ്ജമാക്കുന്നതാണ്.

അനുബന്ധം V

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *19 (335) കാണുക.]

മണ്ണു സംരക്ഷണ വിഭാഗം സംസ്ഥാന പദ്ധതികൾ മുഖേന 13,730 ഹെക്ടർ പ്രദേശത്ത് 2042 ലക്ഷം രൂപയും കേന്ദ്രവിഷ്ക്കൃത പദ്ധതിയിൻകീഴിൽ 34,636 ഹെക്ടർ പ്രദേശത്ത് 400.15 ലക്ഷം രൂപയും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനതല പദ്ധതികളിൽ നബാർഡ് സഹായത്തോടെയുള്ള നീർമറി പദ്ധതിയിൽ 2000 ലക്ഷം രൂപ ചെലവഴിച്ച് 13,500 ഹെക്ടർ പ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആർ.ഐ.ഡി.എഫ്.-ന്റെ വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തീകരിക്കാനും 2004-ൽ അനുമതി ലഭിച്ച 54 പുതിയ പദ്ധതികൾ തുടങ്ങാനും ഉദ്ദേശിക്കുന്നു. ജലവിതരണ പദ്ധതികളുടെ റിസർവോയറുമായി ബന്ധപ്പെട്ട പദ്ധതിയിൻകീഴിൽ 15 ലക്ഷം രൂപ ചെലവഴിച്ച് 150 ഹെക്ടർ പ്രദേശം സംരക്ഷിക്കാനും മണ്ണിടിച്ചിലുള്ള പ്രദേശങ്ങളെ ബലപ്പെടുത്തൽ പദ്ധതിയിൻകീഴിൽ 10 ലക്ഷം രൂപ ചെലവഴിച്ച് 80 ഹെക്ടർ പ്രദേശം സംരക്ഷിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കബനി നദീതട പദ്ധതിയിൻകീഴിൽ 6000 ഹെക്ടർ പ്രദേശത്ത് 252.15 ലക്ഷം രൂപയ്ക്കുള്ള മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും ദേശീയ നീർമറി വികസന പദ്ധതിയിൻകീഴിൽ 28,636 ഹെക്ടർ പ്രദേശത്ത് 148 ലക്ഷം രൂപയ്ക്കുള്ള വികസന പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള വിവിധ മണ്ണുജല സംരക്ഷണ പദ്ധതികളും കൃഷി (മണ്ണുസംരക്ഷണ വിഭാഗം) നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly